# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

### മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും തൊഴിലാളികളുടെ കൊഴിഞ്ഞു പോക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5175 | 15-11-2019-ൽ മറുപടിയ്ക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും തൊഴിലാളികൾ വൻതോതിൽ കൊഴിഞ്ഞു പോകുന്ന സാഹചര്യമുണ്ടോ; എങ്കിൽ അവിദഗ്ധ തൊഴിലാളി കളാണോ കൊഴിഞ്ഞു പോകുന്നവരിൽ ഏറെയുമെന്ന് പരിശോധിച്ചുവോ; | (എ) | തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും തൊഴിലാളികൾ വൻതോതിൽ കൊഴിഞ്ഞു പോകുന്ന സാഹചര്യം ഇല്ല. |
| (ബി) | പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന കുടുംബത്തിന് വർഷം 100 ദിവസമെങ്കിലും തൊഴിൽ ഉറപ്പാക്കുക എന്നത് പദ്ധതിയുടെ ലക്ഷ്യമായിരുന്നോ; എങ്കിൽ സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടടുക്കുമ്പോഴേക്കും ഈ ലക്ഷ്യം കൈവരിക്കാൻ കഴിയാത്ത സാഹചര്യമുണ്ടോ; | (ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന കുടുംബത്തിന് ഒരു സാമ്പത്തിക വർഷം 100 തൊഴിൽ ദിനങ്ങൾ നൽകണമെന്ന് നിയമം അനുശാസിക്കുന്നുണ്ട്. തൊഴിലിന് അപേക്ഷിക്കുന്ന എല്ലാ കുടുംബങ്ങൾക്കും തൊഴിൽ നൽകുന്നതിന് നിലവിൽ സാധിക്കുന്നുണ്ട്. 2019-20 സാമ്പത്തിക വർഷം 11.11.2019 വരെ തൊഴിൽ ആവശ്യപ്പെട്ട 10634 കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ നൽകിയിട്ടുണ്ട്. |
| (സി) | പുതിയ കേന്ദ്ര നിർദ്ദേശമാണോ ഇപ്പോഴത്തെ പ്രതിസന്ധിക്കു കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ നടപ്പ് സാമ്പത്തിക വർഷം തയ്യാറാക്കിയ ഭൂരിപക്ഷം പദ്ധതികളിലും ഇതു കാരണം പഞ്ചായത്തുകൾക്ക് ഭേദഗതി വരുത്തേണ്ടി വരുമോ; ഇത് തൊഴിൽ ദിനങ്ങളുടെ എണ്ണത്തെയും ബാധിക്കുമോ; വിശദമാക്കാമോ; | (സി) | തൊഴിൽ ദിനത്തെ ബാധിക്കുംവിധം പ്രതിസന്ധി സൃഷ്ടിക്കുന്ന കേന്ദ്ര നിർദ്ദേശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ